## 15 -ാം കേരള നിയമസഭ

## 14 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3156** **07-10-2025 - ൽ മറുപടിയ്ക്ക്**

## കുടിവെള്ള പൈപ്പ് മാറ്റുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിലെ തുറവൂർ മുതൽ അരൂർ വരെയുള്ള ദേശീയപാത നിർമാണവുമായി ബന്ധപ്പെട്ട് DPR തയ്യാറാക്കിയപ്പോൾ ദേശീയപാതയുടെ ഇരു വശങ്ങളിലുമുള്ള ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പൈപ്പ് മാറ്റുന്നതിന് ദേശീയപാത അതോറിറ്റിയുമായി ഏതെങ്കിലും തരത്തിലുള്ള ചർച്ചകൾ നടന്നിരുന്നോയെന്ന് വ്യക്തമാക്കാമോ; | (എ) | അരൂർ മുതൽ തുറവൂർ വരെയുള്ള എൻഎച്ച് 66 നിർമ്മാണവുമായി ബന്ധപ്പെട്ട അതിന്റെ ഇരുവശങ്ങളിലുമായി വരുന്ന പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് നാഷണൽ ഹൈവേ അതോറിറ്റി തയ്യാറാക്കി നൽകിയ ഡ്രോയിങ് പ്രകാരം 2021ൽ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ ഹൈവേ അതോറിറ്റിയുമായി ഒന്നിച്ചു പരിശോധന നടത്തുകയും പൈപ്പ് ലൈനുകൾ അവരുടെ നിർദ്ദേശ പ്രകാരം മാറ്റി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കി നൽകുകയും ചെയ്തിരുന്നു. ഇത് ഒന്നാം ഘട്ടം ആയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മൊത്തം 11 km ഉള്ള ട്രാൻസ്മിഷൻ ലൈനിൽ 1.2km (600 മീറ്റർ വീതം ഇരുവശത്തും) പൈപ്പ് ലൈൻ സർവീസ് റോഡിൽ നിന്നും മാറ്റി സ്ഥാപിക്കാനുള്ള എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റി സമർപ്പിച്ചിരുന്നു. ഇതിന് വകയിരുത്തിയ എസ്റ്റിമേറ്റ് തുക ഏകദേശം 4.8 കോടിയായിരുന്നു. എന്നാൽ NH ഡിസൈനിൽ ഒറിജിനൽ പ്രൊപ്പോസലിൽ നിന്നും വിവിധ മാറ്റങ്ങൾ വന്നത് മൂലവും പുതിയ ഡ്രൈനേജ് (കാന) പ്രവൃത്തികൾ മൂലവും, വളവുകൾ നിവർത്താനുള്ള പുതിയ പ്രവൃത്തികൾ മൂലവും മുൻപ്പറഞ്ഞ 1.2km നേക്കാൾ കൂടുതൽ നീളത്തിൽ ട്രാൻസ്മിഷൻ ലൈനുകളും ഡിസ്ട്രിബ്യൂഷൻ ലൈനുകളും പുതിയ സർവീസ് റോഡിന്റെ അടിയിൽ ആകുന്ന സാഹചര്യമാണ് ഇപ്പോൾ ഉള്ളത്. ഇത് മനസ്സിലാക്കി KWA ഉദ്യോഗസ്ഥർ ഈ വിവരം പല മീറ്റിംഗുകളിലായി NHAI അധികൃതരെ അറിയിച്ചിരുന്നു. എന്നാൽ ആദ്യഘട്ട എസ്റ്റിമേറ്റ് മാത്രമാണ് ഹൈവേ അതോറിറ്റി അംഗീകാരം നൽകിയിരുന്നത്.<br><br>NHAI കോൺട്രാക്ടറും KWA ഉദ്യോഗസ്ഥരും ചേർന്ന് 2023 ഓഗസ്റ്റ് 19 ന് സംയുക്ത സ്ഥല |

| | | | |
|---|---|---|---|
| | | | പരിശോധന നടത്തിയിരുന്നു. 2024 ഫെബ്രുവരി 8 നു മറ്റൊരു സൈറ്റ് ഇൻസ്പെക്ഷൻ നടത്തി മൊത്തം 8.40km ട്രാൻസ്മിഷൻ ലൈൻ മാറ്റി സ്ഥാപിക്കേണ്ടതുണ്ടെന്ന് കണ്ടെത്തിയിരുന്നു (മുൻപ്പറഞ്ഞ 1.2km നു പകരം). കൂടാതെ ഇതിനുപുറമേ 40.6km ഡിസ്ട്രിബ്യൂഷൻ ലൈനും മാറ്റി സ്ഥാപിക്കേണ്ടതുണ്ടെന്ന് അന്ന് കണ്ടെത്തിയിരുന്നു. ഇതിന്റെ അടിസ്ഥനത്തിൽ ട്രാൻസ്മിഷൻ ലൈൻ മാറ്റുന്നതിന് 13.06 കോടിയുടെയും ഡിസ്ട്രിബ്യൂഷൻ ലൈൻ മാറ്റുന്നതിന് 19.14 കോടിയുടെയും എസ്റ്റിമേറ്റ് തയ്യാറാക്കി NHAI ക്കു 2024 സെപ്റ്റംബർ 23-നു സമർപ്പിച്ചിരുന്നു.<br><br>2025 ഫെബ്രുവരി 15 ന് KWA, NHAI consultant, NHAI കോൺട്രാക്ടർ എന്നിവരുടെ സംയുക്തയോഗം നടന്നിരുന്നു. തുടർനടപടികൾ NHAI അധികൃതർ സ്വീകരിച്ചില്ല. കരാർ കമ്പനിയായ അശോക അവരുടെ നിർമ്മാണ വേളയിൽ തടസ്സമായി വന്നിരുന്ന പൈപ്പ് ലൈനുകൾ മാത്രമാണ് മാറ്റിക്കൊണ്ടിരുന്നത്. 2025 മെയ് 13 നു ആലപ്പുഴ ജില്ലാകളക്ടർ വിളിച്ചു ചേർത്ത യോഗത്തിൽ NHAI പ്രൊജക്റ്റ് ഡയറക്ടർക്കു ട്രാൻസ്മിഷൻ ലൈൻ മാറ്റാനുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിരുന്നു.<br><br>2025 സെപ്റ്റംബർ 11 നു ബഹു. കേരള മുഖ്യമന്ത്രി വിളിച്ചു ചേർത്ത ഓൺലൈൻ യോഗത്തിൽ അടിയന്തരമായി ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി തീരുമാനം എടുക്കാൻ നിർദേശിച്ചിരുന്നു. തുടർന്ന് 2025 സെപ്തംബർ 12 നു NHAI consultant M/s Ashoka Buildcon കമ്പനിയുമായി ചേർന്ന് KWA ഉദ്യോഗസ്ഥർ സംയുക്തമായി നടത്തിയ ചർച്ചയിൽ കാനയുടെ നിർമ്മാണ സമയത്ത് കാനയുടെ അടിയിൽ വരുന്നപൈപ്പ് ലൈനുകൾ കൂടി ഇരുവശങ്ങളിലേക്ക് മാറ്റണമെന്ന് നിർദ്ദേശം നൽകുകയുണ്ടായി. ആയതനുസരിച്ച് വിശദമായ ഡ്രോയിങ് തയ്യാറാക്കി ഹൈവേ അതോറിറ്റിക്ക് ഉടൻ തന്നെ കൈമാറുന്നതാണ്. അതിനുശേഷം അവരുമായി ജോയിന്റ് ഇൻസ്പെക്ഷൻ നടത്താമെന്നാണ് നിലവിൽ തീരുമാനിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത പ്രദേശത്തെ പൈപ്പ് മാറ്റി പുതിയത് സ്ഥാപിക്കുന്നതിന് എത്ര രൂപ ചെലവ് വരുമെന്ന് അറിയിക്കാമോ? | (ബി) | 32.20 കോടി രൂപ വേണ്ടി വരുമെന്ന് കണക്കാക്കുന്നു. |

സെക്ഷൻ ഓഫീസർ